# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 7776 — 15.7.2014-ൽ മറുപടിയ്ക്ക്

**<u>കാസർഗോഡ് ജില്ലയിൽ നിന്നും സാമൂഹ്യവനവത്കരണ പദ്ധതിക്ക് കൈമാറിയ ഭൂമി സംബന്ധിച്ച വിവരം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യ വനവത്ക്കരണ പ്രവൃത്തിക്കായി കൊളാത്തൂർ വില്ലേജിലെ R.S. No. 11/1 ബിയിൽപ്പെട്ട 09.2069 ഹെക്ടർ സ്ഥലം G.O(MS) No. 147/86/RD ഉത്തരവു പ്രകാരം സോഷ്യൽ ഫോറസ്ട്രിക്ക് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ; | എ) സോഷ്യൽ ഫോറസ്ട്രിവിഭാഗത്തിന്റെ കൈവശമുണ്ടായിരുന്ന കുഡ്‌ലു വില്ലേജിലെ റീസർവ്വേ നമ്പർ 382/1-ൽപ്പെട്ട 25.91 ഏക്കർ ഭൂമി കേന്ദ്രീയ വിദ്യാലയത്തിന് വേണ്ടി വിട്ടുകൊടുത്തതിന് പകരമായി കൊളാത്തൂർ വില്ലേജിൽ റീസർവ്വേ നമ്പർ 11/1ബി-ൽപ്പെട്ട 09.2069 ഹെക്ടർ സ്ഥലം (22.75 ഏക്കർ) സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് 21/02/1986-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്)-147/86/(ആർ.ഡി) പ്രകാരം കൈമാറാൻ ഉത്തരവായിരുന്നുവെങ്കിലും ടി ഭൂമിയുടെ ഭൂരിഭാഗവും സ്വകാര്യ വ്യക്തികൾ മുൻപിനാലെ കയ്യേറ്റം നടത്തിയതിനെത്തുടർന്ന്, അവരുടെ കൈവശത്തിലിരുന്ന ടി ഭൂമി, കയ്യേറ്റം ഒഴിപ്പിച്ച് റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറുകയോ, വനം വകുപ്പ് ആയത് ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. |
| ബി) മേൽ സ്ഥലം സോഷ്യൽ ഫോറസ്ട്രിക്ക് കൈമാറി ഉത്തരവ് നൽകിയിട്ട് എത്ര വർഷമായി ; | ബി) മേൽ സ്ഥലം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് കൈമാറുന്നതിലേയ്ക്ക് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ട് 28 വർഷം കഴിഞ്ഞുവെങ്കിലും, ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടെ |

| | | |
|---|---|---|
| | | കൈവശത്തിലായിരുന്ന ടി ഭൂമി, കയ്യേറ്റം ഒഴിപ്പിച്ച് ഇതുവരെയ്ക്കും റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറുകയോ, വനം വകുപ്പ് ആയത് ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. |
| സി) | പ്രസ്തുത സ്ഥലം സോഷ്യൽ ഫോറസ്ട്രി ഏറ്റെടുത്ത് സാമൂഹ്യവനവൽക്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | സി) ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടെ കൈവശത്തിലായിരുന്ന ടി ഭൂമി, കയ്യേറ്റം ഒഴിപ്പിച്ച് ഇതുവരെയ്ക്കും റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറുകയോ, വനം വകുപ്പ് ആയത് ഏറ്റെടുക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ, ടി സ്ഥലത്ത് സാമൂഹ്യവനവൽക്കരണ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| ഡി) | പ്രസ്തുത സ്ഥലം സോഷ്യൽ ഫോറസ്ട്രിക്ക് ആവശ്യമില്ലായെന്ന് അറിയിച്ച് റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ? | ഡി) ടി സ്ഥലത്തിന്റെ തൽസ്ഥിതി സംബന്ധിച്ച വിവരം റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ, സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ നിന്നും കേന്ദ്രീയവിദ്യാലത്തിനുവേണ്ടി റവന്യൂ വകുപ്പിന് വിട്ടുകൊടുത്ത 25.91 ഏക്കർ ഭൂമിക്ക് പകരമായി നൽകുവാൻ സർക്കാർ ഉത്തരവായിരുന്ന ടി 22.75 ഏക്കർ ഭൂമി, കയ്യേറ്റം ഒഴിപ്പിച്ച് വനം വകുപ്പിലേക്ക് ലഭ്യമാക്കാനോ, പകരം വേറെ ഏതെങ്കിലും ഭൂമി കണ്ടെത്തി നൽകാനോ റവന്യൂ വകുപ്പിന് ഇതുവരേയ്ക്കും കഴിഞ്ഞിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ